ദേശാഭിമാനി
08 October 2025

# സമുദ്രമത്സ്യ മേഖലയിൽ ഇന്ത്യൻ സ്റ്റാൻഡേർഡ് വേണമെന്ന് വിദഗ്ധർ

**കൊച്ചി**

സമുദ്ര ആവാസവ്യവസ്ഥയെ സംരക്ഷിക്കാനും സുസ്ഥിരമായ മത്സ്യബന്ധനം ഉറപ്പാക്കാനും സമുദ്രമത്സ്യമേഖലയിൽ ഇന്ത്യൻ സ്റ്റാൻഡേർഡിന് രൂപംനൽകണമെന്ന് വിദഗ്ധർ. ഇതിനുവേണ്ടി ജൈവവൈവിധ്യ സംരക്ഷണം, സുസ്ഥിര പരിപാലനരീതികൾ തുടങ്ങിയവ ലക്ഷ്യമിട്ടുള്ള ദേശീയ ചട്ടക്കൂട് വികസിപ്പിക്കണമെന്നും വിദഗ്ധർ പറഞ്ഞു.

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണസ്ഥാപനവും (സിഎംഎഫ്ആർഐ.) ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സും (ബിഐഎസ്) ചേർന്ന് സംഘടിപ്പിച്ച ശിൽപ്പശാലയിലാണ് നിർദേശമുയർന്നത്. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് ഉദ്ഘാടനം ചെയ്തു. ബിഐഎസ് പരിസ്ഥിതി വിഭാഗം മേധാവി വീരേന്ദ്ര സിങ്, ഡോ. സുജിത തോമസ്, ഡോ. കെ എസ് ശോഭന, ഡോ. ബി നാഗരാജൻ, കുമാർ സൗരഭ് എന്നിവർ സംസാരിച്ചു.